## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6476 9/07/2014-ൽ മറുപടിക്ക്

# വിവിധ ജലവൈദ്യുതപദ്ധതികൾക്കുള്ള പാരിസ്ഥിതികാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി, അച്ചൻകോവിൽ, കുരിയാർ കുട്ടി-കാരപ്പാറ, പാത്രക്കടവ് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;<br>(ബി) ഇവയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (എ)യും (ബി)യും<br>പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതായുണ്ട് ആയതിനാൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതികളുടെ പാരിസ്ഥിതികാനുമതിക്കായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.<br>**പൂയംകുട്ടി ജലവൈദ്യുത പദ്ധതി (210 മെഗാവാട്ട്).**<br>പ്രൊഫ.മാധവ് ഗാഡ്ഗിൽ പ്രൊഫസർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ WGEEP റിപ്പോർട്ടിന്റേയും കസ്തൂരിരംഗൻ അദ്ധ്യക്ഷനായ HLWG റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കൈകൊള്ളുന്ന നടപടിയെ ആശ്രയിച്ച് മാത്രമേ പാരിസ്ഥിതിക അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.<br>**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി**<br>കസ്തൂരിരംഗൻ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ച് കിട്ടാനുള്ള നടപടികൾ ത്വരിതപ്പെടുത്താനാവൂ. |

2)

**അച്ചൻകോവിൽ**

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 16.09.2008-ൽ ലഭിച്ചിട്ടുണ്ട്. അന്തിമ പാരിസ്ഥിതികാനുമതിയ്ക്കായുള്ള അപേക്ഷ കേന്ദ്രപാരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

**കരിയാർകുട്ടി-കാരപ്പാറ പദ്ധതി**

പദ്ധതിയുടെ നിർമ്മാണച്ചെലവ് സംബന്ധിച്ച് ജലവിഭവ വകുപ്പും ഊർജ്ജ വകുപ്പും തമ്മിൽ ധാരണയിലെത്താത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**പാത്രക്കടവ്**

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 12.09.2003 -ൽ ലഭിച്ചു. അന്തിമാനുമതിക്കുള്ള അപേക്ഷ പരിഗണനയിലിരിക്കുമ്പോൾ 'EIA Notification 2006' നിലവിൽ വന്നതിനാൽ പുതുക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ പദ്ധതിയ്ക്കാവശ്യമായ സ്ഥലം സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ബഫർസോണായി പ്രഖ്യാപിച്ചതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി നൽകാൻ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന വനംവകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**